2452
31/3/15

# കേരള സർക്കാർ

## സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം/ പ്രൊമോഷൻ നടക്കുന്ന സമയത്ത് അർദ്ധസൈനിക വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന സൈനികരുടെ ആശ്രിതർക്കും അന്ധരായ സർക്കാർ ഉദ്യോഗസ്ഥർക്കും പ്രത്യേക പരിഗണന നൽകിക്കൊണ്ടും പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ മുൻഗണനാക്രമം നിജപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ. ആർ. 14) വകുപ്പ്

**സ. ഉ. (പി) നമ്പർ 36/2014/ഉ.ഭ.പ.വ.     തിരുവനന്തപുരം, 2014 ഒക്ടോബർ 30.**

---

പരാമർശം:— 1. 10-9-2004-ലെ സ.ഉ.(പി)നമ്പർ 12/2004/ഉ.ഭ.പ.വ.
2. 30-12-2009-ലെ സ.ഉ.(പി)നമ്പർ 22/2009/ഉ.ഭ.പ.വ.
3. 9-12-2011-ലെ സർക്കുലർ നമ്പർ 16481/എ.ആർ.13(2)/2011/ഉ.ഭ.പ.വ.
4. 29-2-2012-ലെ സ.ഉ.(പി) നമ്പർ 13/12/ഉ.ഭ.പ.വ.
5. 3-3-2014-ലെ സ.ഉ.(എംഎസ്.)നമ്പർ 08/2014/ഉ.ഭ.പ.വ.
6. ഓൾ ഇന്ത്യ ബി.എസ്.എഫ്. എക്സ് സർവ്വീസ്മെൻ വെൽഫെയർ അസോസിയേഷൻ, ഓൾ ഇന്ത്യ സെൻട്രൽ പാരാമിലിട്ടറി ഫോഴ്സസ് എക്സ് സർവ്വീസ്മെൻ വെൽഫെയർ അസോസിയേഷൻ എന്നീ സംഘടനകൾ 30-11-2012, 12-12-2012 തീയതികളിൽ സമർപ്പിച്ച നിവേദനങ്ങൾ.
7. കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് സംഘടനാ പ്രസിഡന്റിന്റെ 25-4-2014-ലെ നിവേദനം.

## ഉത്തരവ്

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം/പ്രൊമോഷൻ നടക്കുന്ന സമയത്ത് പാലിക്കേണ്ട വ്യവസ്ഥകൾ പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. പൊതുസ്ഥലംമാറ്റം/പ്രൊമോഷൻ നടക്കുന്ന സമയത്ത് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ മുൻഗണനാക്രമം പരാമർശം (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്.

GCPT. 3/4452/2014/S-3.

പൊതുസ്ഥലംമാറ്റം/പ്രൊമോഷൻ നടക്കുന്ന സമയത്ത് ബധിരരും മൂകരും ആയ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് പരാമർശം (3) പ്രകാരവും പ്രവാസി കേരളീയരുടെ ആശ്രിതർ ആയ ഉദ്യോഗസ്ഥർക്ക് പൊതുസ്ഥലംമാറ്റം/പ്രൊമോഷൻ നടക്കുന്ന സമയത്ത് പ്രത്യേക പരിഗണന നൽകിക്കൊണ്ട് പരാമർശം (4) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ 2 ഉത്തരവുകളിലും പ്രസ്തുത വിഭാഗങ്ങൾക്ക് ലഭിക്കേണ്ട മുൻഗണനാക്രമം നിജപ്പെടുത്തിയിട്ടില്ല.

പൊതുസ്ഥലംമാറ്റം/പ്രൊമോഷൻ നടക്കുന്ന സമയത്ത് വിമുക്തഭടൻമാരുടെ ആശ്രിതരായ സർക്കാർ ഉദ്യോഗസ്ഥർക്ക് ലഭിക്കുന്ന പരിഗണന അർദ്ധസൈനിക വിഭാഗങ്ങളിൽ ജോലിചെയ്യുന്ന സൈനികരുടെ ആശ്രിതരായ സർക്കാർ ഉദ്യോഗസ്ഥർക്കും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (6) പ്രകാരം ഓൾ ഇന്ത്യ ബി.എസ്.എഫ്. എക്സ് സർവ്വീസ്മെൻ വെൽഫെയർ അസ്സോസിയേഷന്റേയും ഓൾ ഇന്ത്യാ സെൻട്രൽ പാരാമിലിട്ടറി ഫോഴ്സസ് എക്സ് സർവ്വീസ്മെൻ വെൽഫെയർ അസോസിയേഷന്റെയും ജനറൽ സെക്രട്ടറിമാരുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ബധിരരും മൂകരും ആയ സർക്കാർ ഉദ്യോഗസ്ഥർക്ക് പൊതുസ്ഥലംമാറ്റം/പ്രൊമോഷൻ നടക്കുന്ന സമയത്ത് ലഭിക്കുന്ന പരിഗണന തങ്ങൾക്കും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (7) പ്രകാരം കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് സംഘടനാ പ്രസിഡന്റിന്റെ നിവേദനവും ലഭിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുസ്ഥലംമാറ്റം/പ്രൊമോഷൻ നടക്കുന്ന സമയത്ത് BSF, CRPF, CISF മുതലായ എല്ലാ അർദ്ധസൈനിക വിഭാഗങ്ങളിലും ജോലിചെയ്യുന്ന സൈനികരുടെ ആശ്രിതർക്കും അന്ധരായ സർക്കാർ ഉദ്യോഗസ്ഥർക്കും പരിഗണന നൽകേണ്ടതാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ആയതിനാൽ പ്രസ്തുത വിഭാഗങ്ങൾക്കുകൂടി പൊതുസ്ഥലംമാറ്റം/പ്രൊമോഷൻ സമയത്ത് പ്രത്യേക പരിഗണന നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന (2)-ലെ ഉത്തരവ് പ്രകാരം പൊതുസ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന നൽകേണ്ടുന്ന 10 വിഭാഗങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും ഇക്കാര്യത്തിൽ പിന്നീട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലും ഇനി ക്രമപ്രകാരം മുൻഗണന നൽകേണ്ടുന്ന മൂകരും ബധിരരുമായ ഉദ്യോഗസ്ഥർ, പ്രവാസികളുടെ ആശ്രിതർ എന്നിവർക്കുശേഷം അർദ്ധ സൈനിക വിഭാഗത്തിൽ ജോലിചെയ്യുന്നവരുടെ ആശ്രിതർ, അന്ധരായ ഉദ്യോഗസ്ഥർ എന്നിവർക്കുകൂടി യഥാക്രമം 11, 12, 13, 14 എന്നിങ്ങനെയുള്ള മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ട് ചുവടെ പറയുന്ന പ്രകാരം ഉത്തരവാകുന്നു:

1. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥർ
2. അംഗവൈകല്യം സംഭവിച്ചവർ
3. മിശ്രവിവാഹിതർ/നിയമപരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ള സർക്കാർ ജീവനക്കാർ
4. വിമുക്ത ഭടൻമാർ
5. സൈനികരുടെ ആശ്രിതർ
6. സ്വാതന്ത്ര്യ സമരസേനാനികളുടെ ഭാര്യ/മകൻ/മകൾ
7. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾ

8. അംഗീകൃത സർവ്വീസ് സംഘടനകളുടെ സംസ്ഥാനതല പ്രസിഡന്റ്/ജനറൽ സെക്രട്ടറി
9. മൂകരും ബധിരരുമായ കുട്ടികളുടെ രക്ഷിതാക്കൾ
10. വിധവകൾ/വിഭാര്യർ
11. മൂകരും ബധിരരുമായ ഉദ്യോഗസ്ഥർ
12. പ്രവാസി കേരളീയരുടെ ഭാര്യ/ഭർത്താവ്
13. അർദ്ധസൈനിക വിഭാഗങ്ങളിൽ ജോലിചെയ്യുന്ന സൈനികരുടെ ആശ്രിതർ
14. അന്ധരായ ഉദ്യോഗസ്ഥർ.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. നിവേദിത പി. ഹരൻ,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്ക്/പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/സ്പെഷ്യൽ സെക്രട്ടറിമാർക്ക്/സെക്രട്ടറിമാർക്ക്.

എല്ലാ വകുപ്പുമേധാവികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാ ഗാന്ധി/ശ്രീശങ്കരാചാര്യ (സംസ്കൃത) സർവ്വകലാശാല (ആമുഖ കത്ത് സഹിതം).

ജനറൽ മാനേജർ, കേരള സംസ്ഥാന ഗതാഗത കോർപ്പറേഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി നിലയം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

---